(ബി) കോളേജ് ആരംഭിക്കുന്നതിന് പ്രസ്തുത റിപ്പോർട്ടിൽ എന്തെങ്കിലും തടസ്സം ഉന്നയിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ ;

(ഡി) കോളേജ് ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കാമോ ;

(ഇ) കോളേജിന്റെ പ്രവർത്തനം ഈ അദ്ധ്യയന വർഷത്തിൽത്തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതോടൊപ്പം പ്രഖ്യാപിച്ച ഏതെല്ലാം സ്ഥലങ്ങളിൽ പുതുതായി കോളേജുകളുടെ പ്രവർത്തനം തുടങ്ങിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഇ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ പുതിയ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനായി സ്ഥലം, കെട്ടിടം എന്നിവ സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എന്നാൽ സ്റ്റാഫിന്റെ വർക്ക് ലോഡ്, സാമ്പത്തിക ബാദ്ധ്യത തുടങ്ങിയവ സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. ഇതു ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഇതോടൊപ്പം പ്രഖ്യാപിച്ച, ഉദുമ, പയ്യന്നൂർ, നാദാപുരം, ബാലുശ്ശേരി, കുന്ദമംഗലം, കൊടുവള്ളി, മങ്കട, വേങ്ങര, തവനൂർ, തൃത്താല, കോങ്ങാട്, ചേലക്കര, ഒല്ലൂർ കാട്ടാക്കട, നെയ്യാറ്റിൻകര, താനൂർ കൊണ്ടോട്ടി, തലശ്ശേരി എന്നീ നിയോജകമണ്ഡലങ്ങളിൽ കോളേജുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

നാട്ടികയിലെ ബി.എഡ് സെന്റർ

10 (2462) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ നാട്ടികയിൽ പ്രവർത്തിച്ചുവരുന്ന ബി.എഡ്.സെന്റർ അടച്ചുപൂട്ടാൻ നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത ബി.എഡ്. സെന്ററിനുവേണ്ടി 74 സെന്റ് സ്ഥലം ഗുരുവായൂർ നഗരസഭയിലെ ചാവക്കാട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കോമ്പൗണ്ടിൽ അനുവദിക്കാമെന്ന നഗരസഭാ അധികൃതരുടെ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത ബി.എഡ്. സെന്റർ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാട്ടിക ബി.എഡ്. സെന്ററിന്റെ അംഗീകാരം പിൻവലിച്ച എൻ.സി.ടി.ഇ. നടപടിക്കെതിരെ അപ്പീൽ ഫയൽ ചെയ്യേണ്ടതില്ല എന്നും, 2015-17 വർഷത്തെ ബി.എഡ്. അഡ്മിഷൻ നോട്ടിഫിക്കേഷനിൽ നാട്ടിക സെന്റർ ഉൾപ്പെടുത്തേണ്ടതില്ലെന്നും തീരുമാനം എടുത്തിരുന്നെങ്കിലും പിന്നീട് പ്രസ്തുത തീരുമാനം പിൻവലിച്ച് എൻ.സി.ടി.ഇ നടപടിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുകയും നോട്ടിഫിക്കേഷനിൽ നാട്ടിക സെന്റർ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) കത്ത് കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് ലഭ്യമായിട്ടുണ്ട്. സെന്റർ നിലനിർത്താനാവശ്യമായ നടപടികൾ യൂണിവേഴ്സിറ്റി സ്വീകരിച്ചുവരികയാണ്.

എഞ്ചിനീയറിംഗ്/മെഡിക്കൽ കോളേജുകളിലെ സീറ്റുകൾ

11 (2463) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ, സർക്കാർ കോളേജുകളിലായി എൻജിനീയറിംഗ്/മെഡിക്കൽ ബിരുദ വിദ്യാഭ്യാസത്തിനായി എത്ര സീറ്റുകളാണ് (B-Tech-MBBS) നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) എൻജിനീയറിംഗ്, എം.ബി.ബി.എസ്. സീറ്റുകളുടെ കണക്കുകൾ വേർതിരിച്ച് ലഭ്യമാക്കാമോ ;

(സി) 2014-15 വർഷത്തിൽ ബി.ടെക് ന്റെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ & ബി) 2015 വർഷത്തെ ബി.ടെക്/ എം.ബി.ബി.എസ് കോഴ്സിന് നിലവിൽ ലഭ്യമായ ആകെ സീറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.